**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- അസിസ്റ്റന്റ് സർജൻ തസ്തികയിലെ പൊതുസ്ഥലംമാറ്റം 2021- പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇ.എ2- 500/2022/ആ.വ.ഡ തീയതി 25.04.2022
2. ഇ.എ2- 1000/2022/ആ.വ.ഡ തീയതി 30.05.2022

**ഉത്തരവ് നം. ഇ.എ2- 500/22/ആ.വ.ഡ തീയതി 03.06.2022**

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ഡോ. മനു പ്രഭാകരന് പരാമർശം (1) ഉത്തരവു പ്രകാരം കൊല്ലം കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകിയിരുന്നു. എന്നാൽ 07.06.2022 വരെ ആർജ്ജിത അവധിയിൽ പ്രവേശിച്ചിരുന്ന ടിയാൻ മേൽ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. പരാമർശം (2) ഉത്തരവു പ്രകാരം കൊല്ലം കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് മറ്റൊരു മെഡിക്കൽ ഓഫീസറെ നിയമിച്ചതിനാൽ, ഡോ. മനു പ്രഭാകരന് ആലപ്പുഴ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക്(CMO)പുനർനിയമനം നൽകി ഉത്തരവാകുന്നു. ടിയാൻ അവധി കഴിയുന്ന മുറയ്ക്ക് ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. പ്രീത.പി.പി**
**അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. മനു പ്രഭാകരൻ, അസിസ്റ്റന്റ് സർജൻ

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊല്ലം/ ആലപ്പുഴ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**